# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7087** **16/07/2012 ൽ മറുപടിക്ക്**

## സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഈ അധ്യയന വർഷം ഒന്നേകാൽ മാസം പിന്നിട്ടിട്ടും സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുളള സ്പെഷ്യൽ അരി ഇതേവരെ നൽകിയിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | എല്ലാ സ്കൂളിലും സ്പെഷ്യൽ അരി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ മലപ്പുറം ജില്ലയിലെ ചില സ്കൂളുകളിൽ അരി വിതരണം നടന്നിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഓരോ കുട്ടിക്കും എത്ര കിലോ അരി നൽകുവാനാണ് പദ്ധതിയിട്ടത്; അരി നൽകുവാൻ ഏത് ഏജൻസിയെയാണ് വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തിയത്; ആയതിലേയ്ക്ക് എന്ത് തുക അനുവദിച്ചു; എന്നത്തേയ്ക്ക് അരി നൽകുവാനാണ് തീരുമാനം; വ്യക്തമാക്കുമോ; | ബി) | ഓരോ കുട്ടിക്കും 6 കിലോ വീതം അരി നൽകുവാനാണ് പദ്ധതിയിട്ടത്. സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ് മുൻവർഷങ്ങളിലേതുപോലെ കേരള സ്റ്റേറ്റ് ഈ ചുമതല ഏല്പിച്ചത്. ഇതിലേക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 83,85,000/- രൂപ അനുവദിച്ചിട്ടുണ്ട്. ജൂൺ മാസത്തിൽ തന്നെ അരി വിതരണം നടത്തുവാനായിരുന്നു തീരുമാനിച്ചിരുന്നത്. |
| സി) | സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം എല്ലാ സ്കൂളുകളിലും ഇതേവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; | സി) | ഉച്ചഭക്ഷണ പരിപാടി സ്കൂൾ തുറന്ന ദിവസം മുതൽതന്നെ ഭൂരിഭാഗം സ്കൂളുകളിലും ആരംഭിച്ചിട്ടുണ്ട്. എന്നാൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ചുരുക്കം ചില സ്കൂളുകളിൽ തടസ്സം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | കഞ്ഞിയോടൊപ്പം കുട്ടികൾക്ക് ആഴ്ചയിൽ എന്തൊക്കെ ആഹാര സാധനങ്ങളാണ് നൽകാൻ ഉദ്ദേശിച്ചിട്ടുളളത്; ഇതിലേയ്ക്കാവശ്യമായ തുക എപ്രകാരം സ്വരൂപിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ; | ഡി) | 1 മുതൽ 5 വരെ ക്ലാസിലെ കുട്ടികൾക്ക് 100 ഗ്രാം അരിയും, 6 മുതൽ 8 വരെ ക്ലാസിലെ കുട്ടികൾക്ക് 150 ഗ്രാം അരിയും, 1 മുതൽ 7 വരെ ക്ലാസിലെ കുട്ടികൾക്ക് 30 ഗ്രാം പയറും 8-ലെ കുട്ടികൾക്ക് 50 ഗ്രാം പയറും കൂടാതെ 1 മുതൽ 7 വരെ ക്ലാസിലെ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം ഒരു മുട്ടയും 1 മുതൽ 8 വരെ ക്ലാസിലെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം 150 മി.ലി പാലും, പച്ചക്കറികളും മറ്റ് പോഷകാഹാരങ്ങളും വാങ്ങി |

(.....2)

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് നൽകുന്നതിന് ഒരു നിശ്ചിത തുക ഓരോ കുട്ടിയ്ക്കും അനുവദിച്ച് സ്കൂൾ അധികൃതർക്ക് നേരിട്ട് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| ഇ) | എത്ര ദിവസത്തിനകം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം പ്രാബല്യത്തിൽ വരുത്താൻ കഴിയും; വിശദമാക്കുമോ ; | ഇ) | സംസ്ഥാനത്തെ മിക്കവാറും എല്ലാ സ്കൂളുകളിലും ഉച്ച ഭക്ഷണപദ്ധതി സ്കൂളുകൾ തുറന്ന ദിവസം മുതൽതന്നെ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും പദ്ധതി ആരംഭിച്ചിട്ടില്ലാത്ത തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ചില സ്കൂളുകളിൽ അവ ഉടൻ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| എഫ്) | സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ചുമതല പി.ടി.എ യ്ക്കും മേൽനോട്ട ചുമതല സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി) ക്കും നൽകിയ സർക്കാർ ഉത്തരവ് ഫലപ്രദമായി നടപ്പിൽ വരുത്താൻ സാധിക്കുമോ ; കുട്ടികളുടെ ഉച്ചക്കഞ്ഞി വിതരണത്തിൽ വരുന്ന കാലതാമസം വിശദമാക്കുമോ ; | എഫ്) | സാധിക്കും. മാവേലി സ്റ്റോറുകളിൽ നിന്നും യഥാസമയം അരി ലഭ്യമാകാത്ത ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രമാണ് കാലവിളംബരം വരുന്നത് |
| ജി) | ഈ അധ്യയനവർഷം മുതൽ രൂപീകരിച്ചിട്ടുളള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് സ്കൂൾ ഭരണത്തിലും അക്കാദമിക് കാര്യങ്ങളിലും ഇടപെടാൻ അവകാശം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ജി) & എച്ച്) | ആർ.ടി.ഇ. ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി സർക്കാർ സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |
| എച്ച്) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ. യ്ക്ക് പുറമെ ഇത്തരത്തിൽ എസ്.എം. സി.കൾ രൂപീകരിക്കണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കുവാൻ ഉദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ